പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3785 | 23.08. 2017 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

ചോദ്യം

ശ്രീ.സി. കൃഷ്ണൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യ്ക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (എ) വൈദ്യുതി ചാർജ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, സപ്ലൈ കോഡ് 2014 – ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക, തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും, വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും ആവിഷ്കരിക്കാറുണ്ട്. ഏറ്റവും ഒടുവിലായി 2017 മാർച്ച് മാസത്തിൽ അവസാനിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' വളരെ വിജയകരമായി പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് സാധിച്ചിട്ടുണ്ട്.<br><br>എന്നാൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ടുകിടക്കുന്ന തുകയുടെ പിരിച്ചെടുക്കൽ കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ. ആയതിലേയ്ക്കായി, നിലവിലുള്ള സ്റ്റേകൾ പിൻവലിക്കാനും സമയബന്ധിതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കോടതി നടപടികൾ ത്വരിതപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ